## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *211 — 14.2.2013-ലെ മറുപടിക്ക്

## ലാബ് സൗകര്യം സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ലാബ് സൗകര്യം ഉൾപ്പെടെ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുന്നു എന്ന കേന്ദ്ര ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) പൊതുജനാരോഗ്യമേഖലയെ തകർക്കാൻ പോന്ന ഈ ദിശയിലുള്ള നീക്കത്തോട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ: ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ: | എ) & ബി) | 12-ാം പഞ്ചവത്സര പദ്ധതിയിൽ മുൻ പദ്ധതിയെ അപേക്ഷിച്ച് 335% വർദ്ധനയാണ് പൊതുജനാരോഗ്യ മേഖലയിൽ കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. ആയതിനാൽ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| സി) സ്വകാര്യപങ്കാളിത്തത്തിനു വേണ്ട രൂപരേഖ തയ്യാറാക്കാനുള്ള പ്രധാന മന്ത്രിയുടെ ഉപദേഷ്ടാവിന്റെ നിർദ്ദേശം തള്ളിക്കളയാനും അക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കാനും തയ്യാറാകുമോ? | സി) | മുൻ ചോദ്യങ്ങളുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ